LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടി പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. രണ്ടാം നിലയിലെ സ്ലാബ് പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോറിലും ഫസ്റ്റ് ഫ്ലോറിലും പ്ലാസ്റ്ററിംഗ് പുരോഗമിച്ചുവരുന്നു.

(ബി) ടി പദ്ധതിയുടെ ആകെ ചെലവ് (ഭ്രവികസിത ചെലവുകൾ ഉൾപ്പെടെ) 410.46 ലക്ഷം രൂപയാണ്. നിർമ്മാണ ചെലവിന്റെ 75% (236.64 ലക്ഷം രൂപ) കേന്ദ്ര സർക്കാർ ഗ്രാന്റും 25% (78.88 ലക്ഷം രൂപ) സംസ്ഥാന സർക്കാർ വിഹിതവും, ബാക്കി 94.94 ലക്ഷം രൂപ ഭവനനിർമ്മാണ ബോർഡിന്റെ വിഹിതവുമാണ്. പതിനേഴ് മൂന്ന് ബെഡ് കിടക്കമുറികളും, ഒരു അഞ്ച് ബെഡ് ഡോർമെറ്ററിയും, രണ്ട് ആറ് ബെഡ് ഡോർമെറ്ററികളും, ഒരു മൂന്ന് ബെഡ് ഗസ്റ്റ് റൂമും, ഒരു മൂന്ന് ബെഡ് സിക്ക് റൂമും, വികലാംഗർക്കായി മൂന്ന് ബെഡ് കിടക്കമുറികളും ഉൾപ്പെടെ ആകെ 77 കിടക്കകൾ ഉള്ള ഒരു മൂന്നുനില കെട്ടിടമാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. എല്ലാ നിലകളിലും അറ്റാച്ച്ഡ് ടോയ്ലറ്റിന് പുറമേ കോമൺ ടോയ്ലറ്റ്, ബാത്ത്റൂം എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഡൈനിംഗ് ഹാൾ, കിച്ചൻ, റിക്രിയേഷൻ ഹാൾ, ഡേ കെയർ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച

121 (1861) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബറിന്റെ വിലത്തകർച്ചമൂലം കേരളത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

റബ്ബറിന്റെ വിലത്തകർച്ചമൂലം കേരളത്തിനുണ്ടായ നഷ്ടം കൃഷി വകുപ്പ് കണക്കാക്കിയിട്ടില്ല.

ഭീഷണിപ്പെടുത്തി പണം അടപ്പിക്കുന്നതിനെതിരെ സ്വീകരിച്ച നടപടി

122 (1862) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവരിൽ നിന്നും വായ്പ തുക തിരിച്ചു പിടിക്കാൻ റിലയൻസ് പോലുള്ള പ്രൈവറ്റ് കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇവർ വായ്പക്കാരെ ഭീഷണിപ്പെടുത്തുന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;